**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഫാർമസി ജീവനക്കാർക്കെതിരായ പരാതിയിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയ്ക്ക് കീഴിലുള്ള മാതൃസ്പർശം ഫാർമസിയിലെ ജീവനക്കാർക്കെതിരെ എന്തെങ്കിലും പരാതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ജീവനക്കാർക്കെതിരെ എന്തെല്ലാം പരാതിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **മാതൃസ്പർശം ഫാർമസിയുടെ ചുമതല വഹിച്ചിരുന്ന വ്യക്തിക്കെതിരെ ചില മരുന്ന വിതരണക്കാരിൽ നിന്നും വിതരണ ഉത്തരവ് നൽകുന്നതിനായി പണം ആവശ്യപ്പെട്ടു എന്ന പരാതി ലഭിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് വ്യക്തമായ തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. എന്നിരുന്നാലും ടി വ്യക്തിയെ ഫാർമസിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. |
| (സി) | മാതൃസ്പർശം ഫാർമസി ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (സി) | 2021-22 കാലഘട്ടത്തിൽ ലാഭം ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫാർമസിയിലെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | <u>2020-21</u><br>വരവ് - 1,46,08,737/- (ക്രെഡിറ്റ് റേറ്റ് ഉൾപ്പെടെ)<br>ചെലവ് - 2,16,51,865/-<br><u>2021-2022</u><br>വരവ് - 2,22,59,928/- (ക്രെഡിറ്റ് റേറ്റ് ഉൾപ്പെടെ)<br>ചെലവ് - 2,19,31,897/- |

സെക്ഷൻ ഓഫീസർ